**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 918** **18-09-2025 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട മണ്ഡലത്തിലെ നേമം ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള വിവിധ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കാട്ടാക്കട മണ്ഡലത്തിലെ നേമം ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള കിളിക്കോട്ട്കോണം-മാറനല്ലൂർ പഞ്ചായത്ത്, കവലോട്ട്കോണം-വിളവൂർക്കൽ പഞ്ചായത്ത്, മുതുവല്ലൂർ പറയൻകോണം-പള്ളിച്ചൽ പഞ്ചായത്ത്, കൊങ്ങപള്ളി-വിളപ്പിൽ പഞ്ചായത്ത് എന്നിവയിലെ പ്രവൃത്തികളുടെ സ്ഥിതി വിശദമാക്കാമോ; | (എ) | കിളിക്കോട്ടുകോണം നഗറിന്റെ (2024-25) എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കാവലോട്ടുകോണം ഗ്രാമം ഫീസിബിൾ അല്ലാത്തതിനാൽ കുരിശുമുട്ടം ഗ്രാമത്തെ കൂടി ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റിലെ ന്യൂനത പരിഹരിച്ച് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മുതുവല്ലൂർ പറയക്കോണം നഗറിന്റെ നവീകരണ പ്രവർത്തി ആരംഭിക്കുന്നതിന് ഇ-ടെൻഡർ വിളിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.കൊങ്ങപ്പള്ളി (വിളപ്പിൽ ഗ്രാമപഞ്ചായത്ത്) ഗ്രാമത്തെ 2025 - 26 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള സമയപരിധി വ്യക്തമാക്കാമോ? | (ബി) | എസ്റ്റിമേറ്റ് അംഗീകരിച്ച് ഒരു വർഷത്തിനുള്ളിൽ പ്രവർത്തികൾ പൂർത്തീകരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ